"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സപ്ലിമെന്ററി റിപ്പോർട്ടിന്മേലുള്ള നടപടി - മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(കൈ) നം.90/2023/LSGD തീയതി,തിരുവനന്തപുരം, 09-04-2023

---

പരാമർശം:-
1. സ.ഉ.(എം.എസ്) നം.330/2004/തസ്വഭവ; തീയതി 09.12.2004
2. സ.ഉ.(എം.എസ്) നം.118/2022/തസ്വഭവ; തീയതി 04.06.2022
3. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സപ്ലിമെന്ററി റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ടിലെ ഇനം 10, 12

**<u>ഉത്തരവ്</u>**

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതു പ്രകാരം 2004-05 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിച്ചുവരുന്നു. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിക്കുകയും അതിന് തുടർച്ചയായി കാലാകാലങ്ങളിൽ പല ഉത്തരവുകളും സർക്കുലറുകളും മുഖേന അധിക മാർഗനിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ഫണ്ടിന്റെ മുൻകാലങ്ങളിലെ വിനിയോഗം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ വിലയിരുത്തുകയുണ്ടായി. കഴിഞ്ഞ 18 വർഷത്തെ അനുഭവ പാഠങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാർഗനിർദ്ദേശങ്ങൾ സമഗ്രമായി പരിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

2. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ മേൽപ്പറഞ്ഞ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ ,ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ളത് പ്രകാരം 01.04.2023 മുതൽ പ്രാബല്യം നൽകി, പരിഷ്കരിച്ച് ഉത്തരവാകുന്നു. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് 2004-05 മുതൽ വിവിധ സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് പകരമുള്ളതാണ് പരിഷ്കരിച്ച മാർഗരേഖ എന്നും സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് ,
എല്ലാ വകുപ്പ് ഡയറക്ടർമാർക്കും
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
ധനകാര്യ (എസ്.എഫ്.സി-എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba Beegom.a.m
Date: 11-04-2023 16:25:24
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ പി.എയ്ക്ക്

**അനുബന്ധം**

## തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള പരിഷ്കരിച്ച മാർഗരേഖ

### 1. ആമുഖം

1.1 രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചത് പ്രകാരം 2004 –05 മുതലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിച്ചു വരുന്നത്. തുടക്കത്തിൽ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (SOTR) 5.5 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ടായി അനുവദിച്ചിരുന്നത്. എന്നാൽ ഇത് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2018–19 മുതൽ 6.0 ശതമാനമായും ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2021–22 മുതൽ 6.5 ശതമാനമായും വർദ്ധിപ്പിച്ചു.

1.2 രണ്ട് വിഭാഗങ്ങളിലായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത് – (i) നോൺ റോഡ് മെയിന്റനൻസ് ഫണ്ട് (ii) റോഡ് മെയിന്റനൻസ് ഫണ്ട്. സംസ്ഥാനത്ത് നടപ്പാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും ആസ്തികളുടെയും മെയിന്റനൻസിനുള്ളതാണ് നോൺറോഡ് മെയിന്റനൻസ് ഫണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളുടെ പരിപാലനത്തിനായാണ് റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്.

1.3 2021–22 മുതൽ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6.5 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ട് ആയി അനുവദിക്കുന്നത് (നോൺ റോഡ് മെയിന്റനൻസ് ഫണ്ട് – 4.0 ശതമാനം, റോഡ് മെയിന്റനൻസ് ഫണ്ട് – 2.5 ശതമാനം). സംസ്ഥാന ബജറ്റിൽ രണ്ട് വിഭാഗങ്ങളിലായി വകയിരുത്തുന്ന തുക ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ചു നൽകുന്നു. ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ഫണ്ട് വിഭജിച്ച് നൽകുന്ന സമ്പ്രദായം 2023–24 മുതൽ നടപ്പാക്കുകയും ചെയ്തു.

1.4 മെയിന്റനൻസ് ഫണ്ടിന്റെ മുൻകാലങ്ങളിലെ വിനിയോഗം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ നൽകിയിട്ടുണ്ട്. അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നു, അനിവാര്യമായും ഏറ്റെടുക്കേണ്ട ഇനങ്ങൾ അവഗണിക്കപ്പെടുന്നു, താരതമ്യേന മുൻഗണന കുറഞ്ഞ ഇനങ്ങൾക്ക് പ്രാധാന്യം നൽകുന്നു, ജില്ലാ പഞ്ചായത്തുകൾ തങ്ങൾക്ക് സംരക്ഷണ ചുമതലയില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നിർവഹിക്കുന്നു തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലൂടെ നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിന് ഈ സ്ഥാപനങ്ങളുടെ ശരിയായ പരിപാലനവും ആസ്തികളുടെ യഥാസമയത്തെ അറ്റകുറ്റപ്പണിയും ഉറപ്പാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായതിനാൽ അതിന് പര്യാപ്തമാകുന്ന തരത്തിൽ മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

1.5 കമ്മീഷന്റെ ശുപാർശകളും ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി മെയിന്റനൻസ് ഫണ്ട് വിഭജിച്ചു നൽകുന്ന സമ്പ്രദായം 2023–24 മുതൽ നടപ്പാക്കിയിട്ടുണ്ട് എന്നതും പരിഗണിച്ച് നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെയും റോഡ്



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

മെയിന്റനൻസ് ഫണ്ടിന്റെയും വിനിയോഗത്തിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിച്ച് ചുവടെ നൽകുന്നു.

## 2. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്

2.1 ജില്ലാ തലത്തിലും അതിന് താഴെയുമുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതു സേവന വിതരണ സ്ഥാപനങ്ങൾ (service delivery institutions) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു എന്നത് കേരളത്തിൽ നടപ്പാക്കിയ വികേന്ദ്രീകരണത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. ആശുപത്രികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ, ക്ഷേമ സ്ഥാപനങ്ങൾ, മൃഗാശുപത്രികൾ, കൃഷിഭവനുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇവയിൽ കൂടുതലും, സമൂഹത്തിന്റ അടിത്തട്ടിലുള്ളവർ ആശ്രയിക്കുന്ന സ്ഥാപനങ്ങളാണ്. ഇവയുടെ ശരിയായ പരിപാലനവും യഥാസമയത്തെ അറ്റകുറ്റപ്പണിയും ഉറപ്പാക്കി സേവന വിതരണത്തിലെ ഗുണമേന്മ ഗണ്യമായി മെച്ചപ്പെടുത്തുക എന്ന ഉത്തരവാദിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

2.2 അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമായാണ് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. ഈ സ്ഥാപനങ്ങളും ആസ്തികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുൻപ് ഇവയുടെ സംരക്ഷണ ചുമതല ഉണ്ടായിരുന്ന വകുപ്പുകളുടെ ബജറ്റ് ശീർഷകത്തിൽ വകയിരുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് അനുവദിച്ചിരുന്ന വിഹിതങ്ങൾ സംയോജിപ്പിച്ചാണ് 2004–05 മുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. അതു കൊണ്ടുതന്നെ ഈ സ്ഥാപനങ്ങളുടെ പരിപാലനത്തിനും ആസ്തികളുടെ മെയിന്റനൻസിനും ആയാണ് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. നോൺറോഡ് മെയിന്റനൻസ് ഫണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഈ മാർഗരേഖയുടെ ഖണ്ഡിക 2.6 പ്രകാരം അനുവദിച്ചിട്ടുള്ള തനതു ആസ്തികളുടെ മാത്രം മെയിന്റനസിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാ വുന്നതാണ്.

2.3 നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അനിവാര്യ ഇനങ്ങൾ, മുൻഗണനാ ഇനങ്ങൾ, അഭിലഷണീയമായ ഇനങ്ങൾ എന്നിങ്ങനെ മൂന്നു ഇനങ്ങളിലായാണ് മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളത്. നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിൽ ഈ മുൻഗണനാക്രമം പാലിക്കേണ്ടതാണ്. ആദ്യം, അനിവാര്യ ഇനങ്ങളിൽ ചെലവ് വേണ്ടി വരുന്ന കാര്യങ്ങൾക്കുള്ള തുക നിർബന്ധമായും മാറ്റിവെയ്ക്കണം. അതിനു ശേഷം മാത്രം മുൻഗണനാ ഇനങ്ങളും അഭിലഷണീയമായ ഇനങ്ങളും ഏറ്റെടുക്കാവുന്നതാണ്.

### 2.3.1 അനിവാര്യ ഇനങ്ങൾ (mandatory items) – കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

(1) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, ടെലഫോൺ ചാർജ്, ഇന്റർനെറ്റ് ചാർജ് (സ്കൂൾ കമ്പ്യൂട്ടർ ലാബുകളിലെ ഇന്റർനെറ്റ് ചാർജ് ഉൾപ്പെടെ).

(2) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളുടെയും (തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ) അറ്റകുറ്റപ്പണി –



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

ഇലക്ട്രിക് സംവിധാനങ്ങളുടെയും കുടിവെള്ള സംവിധാനങ്ങളുടെയും അറ്റകുറ്റപ്പണി ഉൾപ്പെടെ.

(3) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ.

(4) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ലബോറട്ടറി ഉപകരണങ്ങളുടെയും ആശുപത്രി ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി കരാറിനുള്ള ചാർജ്.

(5) ആശുപത്രികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പാത്രങ്ങൾ, കണ്ടെയ്നറുകൾ, അടുപ്പ് എന്നിവ വാങ്ങൽ.

(6) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് എൽ.പി.ജി. ഉൾപ്പെടെയുള്ള ഇന്ധനം ലഭ്യമാക്കൽ.

(7) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഖര-ദ്രവ മാലിന്യ പരിപാലനം, ശൗചാലയങ്ങളുടെ ശരിയായ പരിപാലനം, മഴവെള്ള സംഭരണികളുടെ അറ്റകുറ്റപ്പണികൾ, അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയൽ എന്നിവ.

(8) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെ മെയിന്റനൻസ്, ഇന്ധന ചെലവ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ [അദ്ധ്യാപക - രക്ഷാകർതൃ സമിതികളും, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളും വാങ്ങിയതും വിവിധ വകുപ്പുകളോ സ്ഥാപനങ്ങളോ വ്യക്തികളോ വിവിധ സ്കീമുകൾ പ്രകാരമോ വാങ്ങി സംരക്ഷണ ചുമതല ഈ സമിതികളെ ഏൽപ്പിച്ചിട്ടുള്ളതും ആയ വാഹനങ്ങളുടെ ഇത്തരം ചെലവുകൾ ബന്ധപ്പെട്ട സമിതികൾ (PTA/HMC) തന്നെ വിഹിക്കേണ്ടതാണ്].

(9) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ് മുതലായവയ്ക്കുള്ള ചെലവുകൾ - ആശുപത്രികൾക്കും മൃഗാശുപത്രികൾക്കും ആശുപത്രികളിലെയും സ്കൂളുകളിലെയും ലബോറട്ടറികൾക്കും ആവശ്യമായ കൺസ്യൂമബൾസ് ഉൾപ്പെടെ.

**2.3.2 മുൻഗണനാ ഇനങ്ങൾ (priority items) - കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ**

(1) മൃഗാശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികൾക്കും വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന മരുന്നുകൾ മതിയാകാതെ വരുകയാണെങ്കിൽ അധികമായി വേണ്ട മരുന്നുകൾ വാങ്ങൽ. (ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവിയുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ വാങ്ങേണ്ടതാണ്.)

(2) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലും പുരപ്പുറ മഴവെള്ളക്കൊയ്ത്ത് സംവിധാനങ്ങൾ ഏർപ്പെടുത്തൽ.



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

(3) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ.

(4) അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം.

(5) ആശുപത്രികൾക്കും ഹോസ്റ്റലുകൾക്കും സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിയ ക്ഷേമ സ്ഥാപനങ്ങൾക്കും കോട്ടുകൾ, കിടക്കകൾ, ടവ്വലുകൾ, ബെഡ് ഷീറ്റുകൾ, വാർഡ്രോബുകൾ തുടങ്ങിയവ വാങ്ങൽ

**2.3.3 അഭിലഷണീയമായ ഇനങ്ങൾ (desirable items) – കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ**

(1) മൃഗാശുപത്രികൾക്ക് ഉൾപ്പടെ എല്ലാ ആശുപത്രികൾക്കും പുതിയ ഉപകരണങ്ങൾ വാങ്ങൽ

(2) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും ഫർണിച്ചറുകൾ വാങ്ങൽ.

(3) സ്കൂളുകൾക്കും അങ്കണവാടികൾക്കും ആവശ്യമായ പഠന സഹായികൾ വാങ്ങൽ

(4) അങ്കണവാടികൾക്ക് പാവകളും കളിപ്പാട്ടങ്ങളും വാങ്ങൽ

(5) സ്കൂളുകളിലെ ലൈബ്രറികളും സ്പോർട്സ് സംവിധാനങ്ങളും ശക്തിപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല)

(6) സ്കൂളുകളിലും അങ്കണവാടികളിലും ഹോസ്റ്റലുകളിലും അടുക്കളകൾ, സ്റ്റോറേജ് റൂം മുതലായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(7) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി, ശിശു, വയോജന, ജെൻഡർ സൗഹൃദമാക്കി മാറ്റൽ

(8) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ചുറ്റുമതിൽ (compound wall), ഗേറ്റുകൾ എന്നിവയുടെ നിർമ്മാണം.

(9) സ്കൂളുകളിലെ ലബോറട്ടറികൾക്ക് ഉപകരണങ്ങൾ വാങ്ങൽ, സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബുകൾ ഉൾപ്പെടെ വിവിധ ലബോറട്ടറികൾ സ്ഥാപിക്കൽ/സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല).

(10) ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ, മാതൃകകൾ (models), ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങൽ.

(11) സ്കൂളുകളിലും അങ്കണവാടികളിലും സംഗീതം, ചിത്രരചന, പെയിന്റിംഗ് തുടങ്ങിയവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ.

(12) സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ

(13) സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറികിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗെയിമുകൾക്കും സ്പോർട്സിനുമുള്ള സാമഗ്രികൾ വാങ്ങൽ.

(14) സ്കൂളുകളിലും അങ്കണവാടികളിലും ചുവരുകളിൽ ചിത്രങ്ങൾ (പെയിന്റിംഗ്സ്) വരക്കൽ.

(15) ആശുപത്രികളിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബറട്ടറികൾ സ്ഥാപിക്കൽ, മോർച്ചറി സൗകര്യം മെച്ചപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല).



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

2.4 അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഖണ്ഡിക 2.3 പ്രകാരമുള്ള മെയിന്റനൻസ് ആവശ്യങ്ങൾക്ക് മാത്രമേ ഓരോ തദ്ദേശഭരണ സ്ഥാപനവും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളൂ.

2.5 സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും സ്ഥാപനങ്ങൾക്ക് ലഭിക്കാനിടയുള്ള തുക കഴിച്ച് ബാക്കിയുള്ളത് മാത്രം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം കണ്ടെത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കാനിടയുള്ള തുക എത്രയെന്ന് സ്ഥാപന മേധാവികൾ തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം. അതുപോലെ വിവിധ പ്രോജക്ടുകളുടെയും വകുപ്പുകൾ നടപ്പാക്കുന്ന സ്കീമുകളുടെയും ഭാഗമായി സ്ഥാപനങ്ങൾക്ക് ലഭ്യമാകാൻ സാധ്യതയുള്ള ഉപകരണങ്ങളും സാമഗ്രികളും ലൈബ്രറി പുസ്തകങ്ങളും (ഉദാ: സമഗ്ര ശിക്ഷാ കേരള പ്രോജക്ടിന്റെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാകാൻ സാധ്യതയുള്ള ഉപകരണങ്ങളും സാമഗ്രികളും, സ്റ്റേഷനറി വകുപ്പിൽ നിന്നും ലഭിക്കാനിടയുള്ള സ്റ്റേഷനറി സാമഗ്രികൾ തുടങ്ങിയവ) ഒഴിവാക്കി വേണം സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നിർണയിക്കേണ്ടത്

**2.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് സ്ഥാപനങ്ങളും തനത് ആസ്തികളും**

(1) തനത് സ്ഥാപനങ്ങളുടെയും തനത് ആസ്തികളുടെയും ആവശ്യങ്ങൾക്കായി നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല. എന്നാൽ ചുവടെ വിവരിക്കുന്ന ആവശ്യങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക ഇളവ് അനുവദിക്കുന്നു.

(i) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 2.3 പ്രകാരം അനുവദനീയമായ ചെലവുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ, ബാലവാടികൾ, ശിശുമന്ദിരങ്ങൾ, നഴ്സറികൾ, ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിലും, ഖണ്ഡിക 2.3-ലെ അതേ മുൻഗണനാ ക്രമത്തിൽ വഹിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(ii) ബഡ്സ് സ്കൂളുകൾക്കും ബഡ്സ് റിഹാബിലിറ്റേഷൻ കേന്ദ്രങ്ങൾക്കും ഫർണിച്ചർ, പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ, ചികിത്സാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനും ഇവിടങ്ങളിൽ വർക്ക് ഷെഡുകൾ സ്ഥാപിക്കുന്നതിനും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനും സ്ഥിര നിർമ്മിതികൾക്കും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല.

(iii) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി

(2) ഖണ്ഡിക 2.6(1) പ്രകാരം ഇളവ് നൽകിയിട്ടുള്ള ഇനങ്ങൾ ഒഴികെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള മറ്റ് തനത് ആസ്തികളുടെയോ തനത് സ്ഥാപനങ്ങളുടെയോ ഒരാവശ്യത്തിനും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളതല്ല.

2.7 ചുവടെ പ്രതിപാദിക്കുന്ന ആവശ്യങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളതല്ല (Negative List).



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

(1) ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള ഫാമുകളുടെ മെയിന്റനൻസ് (ഫാമുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നുതന്നെ അവ നിർവ്വഹിക്കേണ്ടതാണ്).

(2) ഓഫീസുകളുടെ എയർ കണ്ടീഷനിംഗ്

(3) ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സ്വന്തം ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി.

(4) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതല്ലാത്ത ഖര-ദ്രവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആസ്തികളുടെ മെയിന്റനൻസ്

(5) ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാൻഡുകൾ, ബസ് ബേ മുതലായവയുടെ അറ്റകുറ്റപ്പണികൾ

(6) തദ്ദേശഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന ജലവിതരണ സ്കീമുകളുടെ പരിപാലന (O&M) ചെലവുകൾ

(7) തെരുവ് വിളക്കുകളുടെ പരിപാലനം.

(8) ജലവിതരണ സ്കീമുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരം

(9) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേത് ഒഴികെയുള്ള കെട്ടിടങ്ങളുടെ വാടക [ഖണ്ഡിക 2.6(1) (i) ൽ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളുടെ വാടക അനുവദിക്കാവുന്നതാണ്].

(10) നിലവിലുള്ള കെട്ടിടങ്ങളിൽ പുതിയ നിലകളുടെ നിർമ്മാണം

(11) കമാനങ്ങളുടെ നിർമ്മാണം

(12) സ്ഥാപനങ്ങളുടെ മോടിപിടിപ്പിക്കൽ, cladding പ്രവൃത്തികൾ, വലിയ ചെലവ് വരുന്നതും ആധുനിക രീതിയിലുള്ളതുമായ നെയിം ബോർഡുകൾ സ്ഥാപിക്കൽ

## 3. റോഡ് മെയിന്റനൻസ് ഫണ്ട്

3.1 ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കുമാണ് റോഡുകളുടെ സംരക്ഷണ ചുമതലയുള്ളത്. അതുകൊണ്ട് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്.

3.2 റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പരിപാലനത്തിനായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. റോഡുകളുടെ പരിപാലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വിവിധ തരം റോഡുകൾ [ടാർ റോഡ്, കോൺക്രീറ്റ് റോഡ്, മെറ്റൽ റോഡ്, ഇന്റർലോക്ക് ചെയ്ത റോഡുകൾ, മൺറോഡ് തുടങ്ങിയവ] ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നിർവഹിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി കുഴികൾ നികത്തൽ, തകർന്നുപോയ ഭാഗം പൂർവ്വ സ്ഥിതിയിലാക്കൽ, ജലനിർഗമനത്തിന് വേണ്ട സൗകര്യം ഇല്ലാത്തതുകാരണം വെള്ളം കെട്ടിക്കിടന്ന് റോഡ് നശിക്കാൻ സാധ്യതയുള്ളയിടങ്ങളിൽ വെള്ളം ഒഴുകി പോകുന്നതിനുള്ള സ്ഥിരം സൗകര്യം ഏർപ്പെടുത്തൽ, ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിക്കൽ, നിലവിലുള്ള ഓടകളിലെയും കലുങ്കുകളിലെയും മണ്ണ് നീക്കം ചെയ്യൽ, വശങ്ങൾ ഇടിഞ്ഞുപോകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഭിത്തികെട്ടി സംരക്ഷിക്കൽ, കലുങ്കുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ, പൊളിഞ്ഞ കലുങ്ക് മാറ്റി



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

പുതിയത് നിർമ്മിക്കൽ, സോളിംഗ് നശിച്ച റോഡുകളിൽ റീസോളിംഗ് ചെയ്യൽ എന്നീ പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്.

(2) മഴവെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഇല്ലാത്ത ഭാഗങ്ങളിൽ മാത്രം നിലവിലുള്ള പൊളിഞ്ഞ ടാറിംഗ് പ്രതലം scarify ചെയ്ത് പ്രതലം ഉറപ്പിച്ചശേഷം ഇന്റർലോക്ക്/ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്.

(3) നിലവിലുള്ള ടാർ റോഡുകൾ, കോൺക്രീറ്റ് റോഡുകൾ, മെറ്റൽ റോഡുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് ആവശ്യമായ വിഹിതം നീക്കിവെച്ചതിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ മാത്രമേ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മൺറോഡുകളുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളൂ. അത്തരം സന്ദർഭങ്ങളിൽ ഏറ്റവും ബുദ്ധിമുട്ടുള്ള ഭാഗങ്ങളിൽ മാത്രം അത്യാവശ്യ പ്രവൃത്തികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയാണ് വേണ്ടത്.

(4) പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന (PMGSY) പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ സംരക്ഷണ ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്. പ്രസ്തുത പരിപാടിയിലെ ആദ്യരണ്ട് ഘട്ടങ്ങളിലായി (PMGSY – I, PMGSY – II) പൂർത്തിയാക്കിയ റോഡുകളിൽ അഞ്ച് വർഷത്തെ ഗ്യാരന്റി കാലാവധി കഴിഞ്ഞ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാവുന്നതാണ്.

(5) സർക്കാർ നിശ്ചിയിച്ചിട്ടുള്ള സ്പെസിഫിക്കേഷനുകളോടുകൂടിയ മൈൽ സ്റ്റോണുകളും ദിശാ ബോർഡുകളും സ്ഥാപിക്കൽ, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(6) റോഡ് മെയിന്റൻസ് ഫണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടില്ല. അതുപോലെ റോഡുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള [ഉദാ: മൺറോഡ് മെറ്റൽ റോഡോ ടാർ റോഡോ കോൺക്രീറ്റ് റോഡോ ആക്കി മാറ്റുക, നിലവിലുള്ള റോഡുകൾ ബി.എം.ബി.സി (BM&BC) നിലവാരത്തിലേക്ക് ഉയർത്തുക തുടങ്ങിയ] പ്രവൃത്തികൾക്കും റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ പാടില്ല. ഇത്തരം പ്രവൃത്തികൾ അനുവദനീയമായ മറ്റ് ഫണ്ടുകൾ (പൊതു വിഭാഗം സാധാരണ വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട്) ഉപയോഗിച്ച് നിർവഹിക്കാവുന്നതാണ്.

(7) റോഡുകളുടെ ഘടനയിൽ മാറ്റം വരുത്തുന്നത് അനുവദനീയമല്ലെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിനു മുൻപ് (അതായത് 01.04.2022–ന് മുൻപ്) നിർമ്മിച്ച മെറ്റൽ റോഡുകൾ ടാർ റോഡുകളാക്കി മാറ്റുന്നതിന് മാത്രം റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(8) അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിൽ മാത്രമേ ഈ മാർഗരേഖ പ്രകാരമുള്ള പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിക്കാൻ പാടുള്ളൂ.

## 4. മെയിന്റൻസ് പ്ലാൻ തയ്യാറാക്കൽ

4.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഖണ്ഡിക 2.6 പ്രകാരം നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള തനത് സ്ഥാപനങ്ങളുടെയും മെയിന്റനൻസ്

ഫണ്ട് ഒഴികെയുള്ള മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് മെയിന്റനൻസ് നിർവഹിക്കേണ്ട സ്വന്തം ആസ്തികളുടെയും പരിപാലനത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ വർഷവും തയ്യാറാക്കേണ്ടതും അത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

4.2 മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരിഷ്കരിക്കുന്നതിനൊപ്പം മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിഷ്കരിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. 2023–24 ലേയ്ക്കുള്ള മെയിന്റനൻസ് ആവശ്യങ്ങൾ ക്രോഡീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇതിനോടകം ഏറെക്കുറെ പൂർത്തിയായ സാഹചര്യത്തിൽ പുതുക്കി നിശ്ചയിക്കുന്ന നടപടിക്രമങ്ങൾ 2024–25 വാർഷിക പദ്ധതി മുതൽ ബാധകമായിരിക്കും.

4.3 മെയിന്റനൻസ് പ്ലാനിന്റെ ഭാഗമാക്കുന്ന പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി, അതിനു ബാധകമായ നടപടിക്രങ്ങൾ പാലിച്ച് നിർവഹണം നടത്തേണ്ടതാണ്.

## 5. ആകസ്മികമായ മെയിന്റനൻസ് പ്രവർത്തികളുടെ നിർവ്വഹണം.

5.1 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, മെയിന്റനൻസ് ഫണ്ടിൽ നിന്നും അടിയന്തര മെയിന്റനൻസ് ആവശ്യങ്ങൾക്കായി പ്രത്യേകം തുക മാറ്റിവയ്ക്കാവുന്നതാണ്. ഇപ്രകാരം മാറ്റി വയ്ക്കുന്ന തുക, മുൻകൂട്ടി കാണാൻ കഴിയാത്തതും ആകസ്മികമായി ഉണ്ടാകുന്നതുമായ അടിയന്തര മെയിന്റനൻസ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും ബജറ്റ് വിഹിതത്തിന്റെ അഞ്ച് ശതമാനം വരെയുള്ള തുക, ചുവടെ പറയുന്ന പരിധിക്ക് വിധേയമായി അടിയന്തര സ്വഭാവമുള്ള മെയിന്റനൻസ് പ്രോജക്ടുകൾക്കായി മാറ്റിവയ്ക്കാം.

(i) നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപയും മുനിസിപാലിറ്റികൾക്ക് 25 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 40 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച് ശതമാനം തുക കണക്കാക്കുമ്പോൾ ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.

(ii) റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപയും മുനിസിപാലിറ്റികൾക്ക് 25 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 50 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച് ശതമാനം തുക ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

5.2 മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുക മെയിന്റനൻസ് ഫണ്ടിൽ നിന്നും പ്രത്യേകം മാറ്റിവയ്ക്കുന്നതിനും അവയുടെ വിനിയോഗത്തിനും താഴെ പറയുന്ന നടപടിക്രമങ്ങൾ ബാധകമായിരിക്കും.

(i) വാർഷിക പദ്ധതി രൂപീകരണ സമയത്ത് 'അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (നോൺ റോഡ്)', 'അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (റോഡ്)' എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി അനുവദനീയമായ തുക മാറ്റിവയ്ക്കാവുന്നതാണ്.

(ii) അടിയന്തര സ്വഭാവത്തിൽ ഒരു പ്രോജക്ട് ഏറ്റെടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ അതിനുള്ള വിഹിതം മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതും ഭരണ സമിതി തീരുമാന പ്രകാരം സുലേഖ സോഫ്റ്റ്‌വെയറിൽ അതിനുള്ള പ്രോജക്ട് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവ്വഹണം നടത്താവുന്നതുമാണ്.

(iii) സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ട് ആണെങ്കിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങണം.

(iv) മെയിന്റനൻസ് ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ മാറ്റിവെയ്ക്കപ്പെട്ട തുക വിനിയോഗിക്കുന്നുള്ളൂവെന്ന് സെക്രട്ടറി ഉറപ്പാക്കണം.

(v) ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇത്തരം പ്രോജക്ടുകൾക്ക് ആവശ്യമില്ല. എന്നാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണം.

5.3 ജനുവരി 31-ന് ശേഷം വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്നത് വരെ, മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നുള്ള തുക വകയിരുത്തി അടിയന്തിര പ്രോജക്ടുകൾ രൂപീകരിച്ച് നിർവഹണം നടത്താവുന്നതാണ്. വിഹിതം ബാക്കിയുണ്ടെങ്കിൽ ജനുവരി 31-ന് ശേഷമുള്ള വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ബാക്കി തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതുമാണ്.

## 6. പൊതുനിർദേശങ്ങൾ

6.1 ഈ മാർഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്ക് മാത്രമേ മെയിന്റനൻസ് ഫണ്ട് നീക്കി വെയ്ക്കുന്നുള്ളൂ എന്ന് സെക്രട്ടറിയും ജില്ലാ ആസൂത്രണ കമ്മിറ്റിയും വെറ്റിംഗ് ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്.

6.2 ഈ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ തുക വിനിയോഗിക്കുന്നുള്ളൂവെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

6.3 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഖണ്ഡിക 2.3 പ്രകാരം അനുവദനീയമായ മെയിന്റനൻസ് ആവശ്യങ്ങൾക്ക് ലഭ്യമായ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് തികയാതെ വരുകയാണെങ്കിൽ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാവുന്നതാണ്. എന്നാൽ നോൺ റോഡ് മെയിന്റനന്സ് ഫണ്ട് അതിനായി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്കായല്ലാതെ വകമാറ്റുവാൻ പാടുള്ളതല്ല.

6.4 മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കുന്ന എല്ലാ അറ്റകുറ്റപ്പണികൾക്കും അതതു കാലങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന Defect Liability Period നിർബന്ധമാക്കേണ്ടതാണ്.



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM

പ്രസ്തുത കാലാവധി കഴിഞ്ഞശേഷം മാത്രമേ തുടർന്ന് വീണ്ടും അതേ അറ്റകുറ്റപണികൾ ഏറ്റെടുക്കാൻ പാടുള്ളൂ.

6.5 തദ്ദേശഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഫണ്ടിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന തുകയുടെ വിനിയോഗം ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വകുപ്പുമേധാവികളും ജില്ലാതല ഉദ്യോഗസ്ഥരും അവലോകനം ചെയ്യേണ്ടതാണ്. ജില്ലാ തല സ്ഥാപനങ്ങളുടെ കാര്യത്തിൽ വകുപ്പുമേധാവി തന്നെ അവലോകനം ചെയ്യണം. മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ ജില്ലാതല ഉദ്യോഗസ്ഥർ വിളിച്ചു ചേർക്കുന്ന പ്രതിമാസ ജില്ലാതല അവലോകന യോഗങ്ങളിൽ ഇക്കാര്യം പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്. ഇപ്രകാരം അവലോകനം ചെയ്യുന്നതിന് പര്യാപ്തമാകുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതാണ്.

–



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 17/06/2023 11:08 AM